**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5886** **09-07-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ കിഫ്‌ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള പുതുക്കാട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി നൽകുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി നൽകുന്നു. |
| (സി) | വർഷങ്ങൾ പിന്നിട്ടിട്ടും ആരംഭിക്കുവാൻ സാധിക്കാത്ത കൊടകര-വെള്ളിക്കുളങ്ങര റോഡ് നവീകരണം, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ് നവീകരണം, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ് നവീകരണം, നിർദ്ദിഷ്ട മലയോര ഹൈവേയുടെ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ ഭേദഗതികൾ ഉൾപ്പെടെ അനുവദിച്ച് അവ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | **കൊടകര വെള്ളിക്കുളങ്ങര റോഡ്**<br><br>കൊടകര വെള്ളിക്കുളങ്ങര റോഡിന്റെ നവീകരണത്തിന് 14/03/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്‌ബി 20.78 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച DPR-ൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ഇല്ലാത്തതിനാൽ ആയതതിന് തുക വകയിരുത്തിയിരുന്നില്ല. സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തിയ്ക്ക് കരാറിൽ ഏർപ്പെട്ടിരുന്നെങ്കിലും യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുണ്ടായ കാലതാമസവും കരാറുകാരൻ പ്രൈസ് എസ്കലേഷൻ ആവശ്യപ്പെട്ടതിനാലും കരാറുകാരന് നഷ്ടോത്തരവാദിത്തമില്ലാതെ പ്രസ്തുത കരാർ അവാസാനിപ്പിച്ചിരുന്നു. എന്നാൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭൂമിയേറ്റെടുക്കൽ ആവശ്യമായതിനാൽ അതിനുള്ള എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ധനാനുമതി 24.05 കോടി രൂപയായി കിഫ്‌ബി പരിഷ്കരിച്ച് നൽകിയിരുന്നു. ഭൂമി ഏറ്റടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ക്ഷണിച്ച് 24/08/2023-ന് എഗ്രിമെന്റ് വച്ചിട്ടുള്ളതും ടോപോഗ്രാഫിക് സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത |

റോഡിന്റെ പലഭാഗങ്ങളിലും കയ്യേറ്റം നടന്നതായി സംശയിക്കപ്പെടുന്നതിനാൽ തൃശ്ശൂർ ജില്ലാ സർവ്വേ സൂപ്രണ്ടിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് പുനർനിർണ്ണയ സർവ്വേ പുരോഗമിച്ചു വരികയാണ്. ഭൂമിയേറ്റെടുക്കൽ പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട KSEB, വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗ് വർക്കുകൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കൂടാതെ ഈ റോഡിൽ ജൽജീവൻ മിഷൻ പദ്ധതി ഫണ്ട് വിനിയോഗിച്ചുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിക്കേണ്ടതുണ്ട്.

മേൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആവശ്യമായി നടപടികൾ നിർവ്വഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്.

**പുതുക്കാട് – മുപ്ലിയം കോടാലി റോഡ്**

പുതുക്കാട് – മുപ്ലിയം കോടാലി റോഡിന്റെ നവീകരണത്തിന് 15/02/2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 59.20 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച DPR-ൽ റോഡ് നവീകരണത്തിന് ആവശ്യമായ ഭൂമി ഫ്രീ സറണ്ടറായി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിരുന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക വകയിരുത്തിയിരുന്നില്ല. പിന്നീട് നിർവ്വഹണ ഏജൻസിയുമായി ചർച്ച ചെയ്ത് 18.2 കിലോമീറ്ററുള്ള ഈ പ്രവൃത്തി പൂർണ്ണമായും FDR സാങ്കേതികവിദ്യയിൽ നവീകരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ ചെയിനേജ് 0/000 മുതൽ 9/200 വരെയുള്ള ഭാഗത്തെ പ്രവൃത്തി ഒന്നാം ഘട്ടമായി നിർവ്വഹിക്കാമെന്നും, ഇതിനായി 134 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും, ശേഷിക്കുന്ന 9/200 മുതൽ 18/200 വരെയുള്ള ഭാഗത്തിൽ 1.32 കി.മീ ദൂരം വനഭൂമിയിലൂടെ കടന്നു പോകുന്നതിനാൽ ബന്ധപ്പെട്ട ക്ലിയറൻസ് ലഭിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് ആയത് ലഭിക്കുന്ന മുറയ്ക്ക് രണ്ടാം ഘട്ടമായി നിർവ്വഹിക്കാവുന്നതാണെന്നും നിർവ്വഹണ ഏജൻസി ശിപാർശ ചെയ്തിരുന്നു. ഇത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 01/06/2024-ന് കിഫ്ബിയിൽ നടന്ന അവലോകന യോഗത്തിൽ ഒന്നാം ഘട്ടമായി

നിർവ്വഹിക്കുന്നതിന് ശിപാർശ ചെയ്ത 0/000 മുതൽ 9/200 വരെയുള്ള ഭാഗത്തെ പ്രവൃത്തിയിൽ 10 മീറ്റർ Right of Way-യ്ക്ക് വേണ്ടി ഭൂമിയേറ്റെടുക്കുന്നത് അപ്രായോഗികമാണെങ്കിൽ 8.80 മീറ്റർ Right of Way-യിൽ (എല്ലായിടത്തും ലഭ്യമാണെങ്കിൽ) ഭൂമിയേറ്റെടുക്കൽ ഒഴിവാക്കിക്കൊണ്ട് FDR സാങ്കേതികവിദ്യയിൽ ഇരുവശത്തും ഐറിഷ് ഡ്രെയിനോടു കൂടി നിർവ്വഹിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

പ്രസ്തുത തീരുമാന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നിർവ്വഹണ ഏജൻസി പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പള്ളിമുക്ക് ചിമ്മിനി ഡാം റോഡ്**

പള്ളിമുക്ക് ചിമ്മിനി ഡാം റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് 31/07/2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 39.49 കോടി രൂപയുടെ കിഫ്ബി ധനാനുമതി നൽകിയിരുന്നു. പള്ളിമുക്ക് - ചിമ്മിനി ഡാം റോഡിന് 18/05/2023-ലെ G.O (Rt) No. 1891/2023/RD പ്രകാരം റവന്യൂ ബി ഉത്തരവ് ലഭിച്ചിട്ടുള്ളതും, 0/000 മുതൽ 5/800 വരെയുള്ള ചെയിനേജിൽ 3 ലൊക്കേഷനുകൾ ഒഴികെ 10 മീറ്റർ റൈറ്റ് ഓഫ് വേയിൽ (ROW) അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുള്ളതായി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. 5/550 നും 6/000 നും ഇടയിലുള്ള ചെയിനേജിൽ റോഡ് വനഭൂമിയിലേക്ക് കയറുന്നതിനാൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് സമയമെടുക്കുന്നതാണെന്നും, ഈ പ്രദേശത്ത് 7 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായതിനാൽ വനഭൂമി ഏറ്റെടുക്കാതെ തന്നെ റോഡ് പണി തുടരാൻ തീരുമാനിച്ചിട്ടുണ്ടെന്നും, ശേഷിക്കുന്ന 6/000 മുതൽ 8/500 വരെയുള്ള ഭാഗം മലയോര ഹൈവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി LA തഹസിൽദാർക്ക് കണ്ടിജൻസി ചാർജ്

കൈമാറിയിട്ടുള്ളതും, സ്ഥല പരിശോധന നടത്തുന്നതിനുള്ള അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. തഹസിൽദാരുടെ ഓഫീസിൽ നിന്നും അറിയിക്കുന്ന മുറക്ക് സംയുക്ത സ്ഥലപരിശോധന നടത്തുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ KSEB-യോടും വാട്ടർ അതോറിറ്റിയോടും ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ സമർപ്പിച്ചിട്ടില്ലെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

മേൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസി നടപടികൾ സ്വീകരിക്കുന്നതാണ്

**മലയോര ഹൈവേ: വിളങ്ങന്നൂർ - വെള്ളിക്കുളങ്ങര റോഡ്**

മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ - വെള്ളിക്കുളങ്ങര റോഡിന്റെ നവീകരണത്തിന് 20/03/2022-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 136.50 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആവശ്യമായ സ്വകാര്യ ഭൂമി ഫ്രീ സറണ്ടർ മാതൃകയിൽ ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് 04/04/2022-ന് ടി.എസ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നെങ്കിലും, ആയത് പരിശോധിച്ച് പ്രവൃത്തി നിർവ്വഹണത്തിന് ആവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തി കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഭൂവുടമകളിൽ നിന്നും ഭൂമി സൗജന്യമായി വിട്ടു നൽകുന്നതിനുള്ള അർത്ഥനാപത്രം ലഭ്യമാകാത്തതിനാൽ പരിഷ്കരിച്ച സാങ്കേതികാനുമതി എസ്റ്റിമേറ്റ് ടി.എസ് കമ്മിറ്റിക്ക് പുനഃസമർപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നാണ് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത്.

പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആവശ്യമായ ഭൂമി വനഭൂമി പരിവർത്തനത്തിനുള്ള അപേക്ഷ പരിവേഷ് പോർട്ടൽ വഴി സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ നഷ്ടപരിഹാര വനവൽക്കരണത്തിന് ആവശ്യമായ ഭൂമി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ലെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന പൂർത്തിയായി എസ്റ്റിമേറ്റുകൾ ലഭിച്ചിട്ടുള്ളതുമാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആവശ്യമായ സ്വകാര്യ ഭൂമി ഫ്രീ സറണ്ടർ മാതൃകയിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിർദിഷ്ട അലൈൻമെന്റിനുള്ള അതിർത്തിക്കല്ല് സ്ഥാപിയ്ക്കുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും വിവിധ പഞ്ചായത്തുകളിൽ ജനകീയ പ്രതിഷേധത്തെത്തുടർന്ന് നിർത്തി വെയ്ക്കേണ്ടി വന്നിരുന്നതും, ഭൂമി വിട്ടുനൽകുന്നതിനുള്ള അർത്ഥനാപത്രം ഇതുവരെ മുഴുവനായും ലഭിച്ചിട്ടില്ലാത്തതുമാണ്.<br><br>ഇപ്രകാരം ഫ്രീ സറണ്ടർ മുഖേനയും വനഭൂമി പരിവർത്തനപ്പെടുത്തുന്നതിലൂടെയും ആവശ്യമായ ഭൂമിയുടെ ലഭ്യത മുറയ്ക്ക് പരിഷ്കരിച്ച സാങ്കേതികാനുമതി എസ്റ്റിമേറ്റ് ടി.എസ് കമ്മിറ്റിക്ക് പുനഃസമർപ്പിച്ച് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## KIIFB Projects under Puthukkadu LAC

| Sl. No | Department | Project Code | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District | Work Status |
|---|---|---|---|---|---|---|---|---|
| 1 | Culture | CAD002-01 | Construction of Theater complex at Alagappanagar | ₹ 16.84 | KSFDC | Pudukkad | Thrissur | Work in progress |
| 2 | Water Resources | WRD022-23 | Construction of Kanathodu RCB in Pudukkad Panchayath | ₹ 27.38 | KIIDC | Puthukkadu | Thrissur | Work in progress |
| 3 | Water Resources | WRD002-10 | WSS to Thrissur Corporation and adjoining panchayaths Phase -1 | ₹ 212.09 | KWA | Pudukkad | Thrissur | Work in progress |
| 4 | Water Resources | WRD022-24 | Construction of Kanathodu RCB across Kurumalipuzha in Pudukkad Panchayath | ₹ 22.00 | KIIDC | Puthukkadu | Thrissur | File returned |
| 5 | General Education | GED003-05 | Thrissur - Cluster 10 **(APHS Alagappanagar)** | ₹ 0.99 | KILA | Puthukkadu | Thrissur | Work Awarded |
| 6 | General Education | GED005-18 | PPE Mission- Upgradation of one school in each constituency - Thrissur District-Phase 2 **(Nandikkara Govt. H.S.S )** | ₹ 4.87 | KITE | Puthukkadu | Thrissur | Work Completed |
| 7 | General Education | GED006-13 | Thrissur Wayanad Cluster **(G.H.S.S Mupliyam)** | ₹ 2.97 | KILA | Puthukkadu | Thrissur | KIIFB Approved |
| 8 | General Education | GED008-08 | Thrisuur cluster 2- phase 1 **(GHSS Chembuchira)** | ₹ 3.00 | KITE | Pudukkad | Thrissur | Work Completed |
| 9 | General Education | GED008-62 | Palakkad-Thrissur Phase-3 Cluster **(Thrikkur Panchayath Sarvodaya HSS )** | ₹ 3.00 | WAPCOS | Pudukkad | Thrissur | Work Completed |
| 10 | PWD | PWD013-31 | Hill Highway - Improvements to Vilanganoor - Vellikulangara road, Thrissur District | ₹ 136.50 | KRFB | Puthukkadu | Thrissur | KIIFB Approved |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | PWD | PWD004-11 | IMPROVEMENTS TO PUDUKKAD – MUPLIYAM – KODALI ROAD FROM KM 0/000 TO 18/200 IN THRISSUR DISTRICT | ₹ 59.21 | KRFB | Pudukkad | Thrissur | KIIFB Approved |
| 12 | PWD | PWD004-138 | IMPROVEMENTS TO KODAKARA - VELLIKULANGARA SCHOOL ROAD. 3rd REACH FROM KM 7/600 TO 13/140 IN THRISSUR DISTRICT | ₹ 24.05 | KRFB | Pudukkad | Thrissur | Work in progress |
| 13 | PWD | PWD015-99 | Improvements to Pallikkunnu - Chimminidam road from Km 0/000 to 8/500 in Thrissur District | ₹ 39.49 | KRFB | Pudukkad | Thrissur | LA in progress |
| 14 | PWD | PWD011-30 | Construction of ROB at Nellayi (LC No. 32) in Thrissur District | ₹ 32.35 | RBDCK | Puthukkadu | Thrissur | KIIFB Approved |
| 15 | PWD | PWD016-14 | Nandikkara ROB | ₹ 34.90 | RBDCK | Puthukkadu | Thrissur | KIIFB Approved |
| 16 | PWD | PWD011-16 | Construction of RoB in lieu of LC 33 in between Railway KM 51/600-700 at Alathur in Thrissur | ₹ 21.87 | RBDCK | Puthukkadu | Thrissur | KIIFB Approved |
| 17 | PWD | PWD006-27 | Improvements to Chathan Master Road Km. 0/000 to 8/480 in Thrissur District | ₹ 34.37 | KRFB | Pudukkad | Thrissur | LA in progress |
| 18 | PWD | PWD005-05 | Construction of ROB in lieu of existing LC No. 28 at KM 46/9-10 and LC No. 29 at KM 46/13-14 at Pudukkadu Thrissur | ₹ 37.73 | RBDCK | Puthukkadu | Thrissur | LA completed |

ACCOUNTS OFFICER